**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**<u>തിരുവനന്തപുരം</u>**

---

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം:- ഡോ. മുസ്ന.പി.ജെ, ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കത്ത് നം. എ1-811465/2024 തീയതി 12.11.2024

2. കാരണം കാണിക്കൽ നോട്ടീസ് നം.ഇ.ബി 1-26552/ 2024/ആ.വ.ഡ തീയതി: 13-12-2024

**<u>ഉത്തരവ് നം: ഇ.ബി1-26552/2024/ആ.വ.ഡ തീയതി: 24-01-2025</u>**

നോർത്ത് പറവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയിരുന്ന ഡോ. മുസ്ന.പി.ജെ 22.02.2016 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായി പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടി തീരുമാനത്തിന് എതിരായി ടിയാൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ചു 15 ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നോട്ടീസിന് ടിയാൾ മറുപടി സമർപ്പിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ പ്രൊബേഷൻ കാലയളവിലെ ജോലിയും സ്വഭാവവും തൃപ്തികരമല്ലാത്തതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് ലെ Part II റൂൾ 19 (a) (ii) പ്രകാരം പ്രൊബേഷണറായ ഡോ. ഡോ. മുസ്ന.പി.ജെ-യുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ്

മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 24-01-2025 11:47:23

**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:- **Dr. Musna.P.J, Pallippadath House, Panangad, SN Puram, Thrissur (Dist.), 680665**

പകർപ്പ് : 1. അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
2.ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), എറണാകുളം
3.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
4. ഫയൽ/ കരുതൽ ഫയൽ.